# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 03, Issue: 12

സെപ്തംബർ 27 ബുധൻ 2023

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


# ‘പോഷൺ മാഹ് 2023’

## പോഷകാഹാര പ്രദർശനവും ബോധവത്കരണ ക്ലാസ്സും നടത്തി

ബി ഗീതു



*പോഷകാഹാരപ്രദർശനം പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്യുന്നു*

അങ്ങാടിക്കടവ്: വനിത ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ ഇരിട്ടി ഐ സി ഡി എസിന്റെ കീഴിൽ വരുന്ന അയ്യൻകുന്ന് പഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തകർ ‘പോഷൺ മാസാചരണം’ നടത്തി. പോഷൺ മാസാചരണത്തിന്റെ ഭാഗമായി സേക്രട്ട് ഹാർട്ട് ചർച്ച് ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട പോഷകാഹാര പ്രദർശനവും, ബോധവൽക്കരണ ക്ലാസ്സും പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പളളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു.

‘കുട്ടികളിലും ഗർഭിണികളിലും ഉണ്ടാകുന്ന അനീമിയ തുടച്ചു നീക്കുക, പോഷകാഹാരമടങ്ങിയ പരമ്പരാഗത ഭക്ഷണ രീതിയിലേക്ക് മടങ്ങിപോകുക’ എന്ന ലക്ഷ്യം മുൻനിർത്തി 2018 ൽ കേന്ദ്ര സർക്കാർ ആരംഭിച്ച പദ്ധതിയാണ് ‘പോഷൺ അഭിയാൻ’. ഈ വർഷം സെപ്തംബർ മാസത്തെ പോഷൻ മാഹ് രാജ്യമെമ്പാടും ആഘോഷിക്കുന്നതിനോടനുബന്ധിച്ചാണ് ഇരിട്ടി ഐ സി ഡി എസിന്റെ കീഴിൽ വരുന്ന ആറളം, പായം, അയ്യൻകുന്ന്, ഇരിട്ടി മുൻസിപ്പാലിറ്റി എന്നിവിടങ്ങളിൽ പോഷൺ മാസാചരണം ആചരിക്കുന്നത്. വിഷരഹിതമായ ഭക്ഷണത്തിലൂടെ ആരോഗ്യം വീണ്ടെടുക്കാനായി എല്ലാ വീടുകളിലും അടുക്കളത്തോട്ടം നിർമിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഗർഭിണികളിലും കുട്ടികളിലും നിന്ന് അനീമിയ തുടച്ചുനീക്കുന്നതിന്റെ ആവശ്യകതയെകുറിച്ചും പരമ്പരാഗത പോഷകാഹാരത്തിന്റെ ഗുണങ്ങളെ വിശദീകരിച്ച് കൊണ്ടും ഐ.സി.ഡി.എസ് സൂപ്പർവൈസർ കെ ഗീത കുടുംബശ്രീ പ്രവർത്തകർക്കും അംഗനവാടി ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും ബോധവൽക്കരണ ക്ലാസ്സ് നടത്തി.

ബോധവൽക്കരണ ക്ലാസ്സിനെ തുടർന്ന് കുടുംബശ്രീ പ്രവർത്തകരുടെ പച്ചക്കറി ഫാഷൻ ഷോ നടന്നു. ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൻ സീമ മനോജ്, വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൻ മിനി വിശ്വനാഥൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൻ സിന്ധു ബെന്നി, മെമ്പർമാരായ ജോസ് എ വൺ, ലിസി തോമസ്, സജി മച്ചിത്താന്നി, സെലീന ബിനോയ്, എൽസമ്മ ജോസഫ്, ഫിലോമിന മാണി എന്നിവർ സംസാരിച്ചു.

## 6-ാമത് സ്നേഹവീടിന് തറക്കല്ലിട്ടു

സാന്ദ്ര സ്വതന്ത്രരാജ്

വള്ളിത്തോട്: ഡോൺബോസ്കോ ആർട്സ് ആന്റ് സയൻസ് കോളേജിലെ എൻ എസ് എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ നിർമിക്കുന്ന ആറാമത്തെ സ്നേഹവീടിന് കോളേജ് മാനേജർ ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി വെഞ്ചരിപ്പ് കർമ്മം നിർവഹിച്ച് തറക്കല്ലിട്ടു.

വള്ളിത്തോട് സാലസ്പുരം സ്വദേശിക്കാണ് സ്നേഹവീട് നിർമിച്ചു നൽകുന്നത്. സർക്കാരിൽ നിന്നും ധനസഹായം ലഭിക്കാത്ത നിർധന കുടുംബങ്ങൾക്കു വേണ്ടി കൂപ്പണുകൾ വിറ്റും സുമനസുകളുടെ സഹകരണവും വഴിയാണ് സ്നേഹവീട് നിർമിച്ചു നൽകുന്നത്.

’എൻ എസ് എസ് 72, 47 യൂണിറ്റ് നിർമിച്ചു നൽകുന്ന ആറാമത്തെ വീട് ജനുവരി പത്തോടുകൂടി കൈമാറാനാണ് ഉദ്ധേശിക്കുന്നത്’. ഫാ. ബാസ്റ്റിൻ പറഞ്ഞു.

എൻ എസ് എസ് പ്രോഗ്രാം ഓഫീസർമാരായ ഫാ. ജോജോ കപ്പൂച്ചിൻ, ജയിനി എൻ ജോർജ്, എൻ എസ് എസ് ലീഡേർസ് അദ്വൈത് ലതീഷ്, ബിൻസി ടി വിൽസൺ, ഓസ്റ്റിൻ മനോജ്, കെ രശ്മിക, മുഹമ്മദ് സാഹിദ്, ഒന്നാം വർഷ എൻ എസ് എസ് വോളണ്ടിയേഴ്സ് എന്നിവർ പങ്കെടുത്തു.

## നിർധന കുടുംബത്തിന് വീട് നിർമിച്ചു നൽകി ഷെയർ ആന്റ് സേവ് ചാരിറ്റബിൾ ട്രസ്റ്റ്

സാന്ദ്ര സ്വതന്ത്രരാജ്

മുടയരിഞ്ഞി: ഷെയർ ആന്റ് സേവ് ചാരിറ്റബിൾ ട്രസ്റ്റിന്റെ കരുതലിൽ നിർധന കുടുംബത്തിന് വീടായി. മുടയരിഞ്ഞിയിൽ മാതാപിതാക്കളും 3 മക്കളും അടങ്ങുന്ന നിർധന കുടുംബത്തിനാണു വീട് നിർമിച്ചു നൽകിയത്.

2017 മുതൽ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമായ ഷെയർ ആന്റ് സേവ് ചാരിറ്റബിൾ ട്രസ്റ്റ് പ്രസ്ഥാനത്തിന്റെ ആദ്യത്തെ സ്നേഹ വീട് ആണിത്. 4 ലക്ഷം രൂപ ലൈഫ് ഭവന പദ്ധതി പ്രകാരവും 11 ലക്ഷം രൂപ ട്രസ്ററ് അംഗങ്ങളിൽ നിന്നും സുമനസ്സുകളിൽ നിന്നും സ്വരൂപിച്ച് 15 ലക്ഷം രൂപ ചെലവിൽ 850 ചതുരശ്ര അടിയിൽ 3 കിടപ്പുമുറികൾ, അടുക്കള, ഹാൾ, സിറ്റ് ഔട്ട് എന്നിവ ടൈൽ വിരിച്ചു ഫർണിച്ചർ ഉൾപ്പെടെ ക്രമീകരിച്ച വീടാണു നിർമിച്ചത്. 14 പേരുടെ നേതൃത്വത്തിലാണ് ട്രസ്റ്റിന്റെ പ്രവർത്തനം. ‘കിഡ്നി രോഗികളുടെ വിഷമങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കിയപ്പോൾ ഫാദർ തോമസ് മുണ്ടമറ്റം, ജോസ് ടി ഡി തറപ്പേൽ എന്നിവരാണ് ഈ ട്രസ്ററ് എന്ന ആശയം മുന്നോട്ട് വച്ചത്. ട്രസ്റ്റ് മുഖാന്തരം ആയിരത്തോളം ഡയാലിസിസ് ചെയ്തു കൊടുക്കാൻ സാധിച്ചിട്ടുണ്ട്. ആരംഭത്തിൽ ലയൺസ് ക്ലബിന്റെ ഫണ്ട് ലഭിച്ചിരുന്നു. എന്നാൽ ആദ്യമായാണ് സ്നേഹവീടെന്ന ആശയം മുന്നോട്ട് വരുന്നതും ചെയ്തു നൽകാൻ സാധിക്കുന്നതും’. ഷെയർ ആന്റ് സേവ് ചാരിറ്റബിൾ ട്രസ്റ്റ് സെക്രട്ടറി ജെയിംസ് ഒറ്റപ്ലാക്കൽ പറഞ്ഞു.

അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് പള്ളി മുൻവികാരിയും കരുവഞ്ചാൽ പ്രീസ്ററ് ഹോം ഡയറക്ടറുമായ ഫാദർ തോമസ് ആമക്കാട്ട് വെഞ്ചരിപ്പ് നടത്തി. അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് പള്ളി വികാരി ഫാദർ ബോബൻ റാത്തപ്പള്ളി, ഇരിട്ടി എയ്ഞ്ചൽ ഡയാലിസിസ് സെന്റർ ഡയറക്ടർ ഫാദർ തോമസ് മുണ്ടമറ്റം എന്നിവർ സഹകാർമികരായി.



*ഷെയർ ആന്റ് സേവ് ചാരിറ്റബിൾ ട്രസ്റ്റ് നിർമിച്ചു നൽകിയ വീട്*

## ‘AI യോ?’; വേറിട്ട മാഗസിനുമായി ഡോൺ ബോസ്കോ കോളേജ്

മരിയ ജോയ്




*ഡോൺ ബോസ്കോ കോളേജ് മാഗസിൻ പ്രകാശനം ചെയ്യുന്നു*

അങ്ങാടിക്കടവ്: പേര് കൊണ്ടും പ്രകാശനം കൊണ്ടും വ്യത്യസ്തമായിരിക്കുകയാണ് അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജ് മാഗസിൻ. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഫ്യൂച്ചർ ഓഫ് ഹ്യൂമാനിറ്റി എന്ന പ്രമേയത്തെ ആസ്പദമാക്കിയ മാഗസിൻ പ്രശസ്ത എഴുത്തുകാരനും കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ അജിജേഷ് പച്ചാട്ട് പ്രകാശനം ചെയ്തു. ‘കാലത്തിന്റെ ചലനം മനസിലാക്കണം. അപ്പോൾ കാലം നമ്മെ കാലത്തോട് ചേർത്ത് മുന്നോട്ടു കൊണ്ട് പോകും. ഈ മാഗസിൻ അത്തരത്തിൽ ഒരു മുന്നോട്ട് പോകലാണ്’. അജിജേഷ് പറഞ്ഞു.

പേര് പോലെ തന്നെ നിർമിത ബുദ്ധിയുടെ സാധ്യതകൾ ഉപയോഗിച്ചാണ് മാഗസിൻ പ്രകാശനം ചെയ്തത്. റോബോട്ടുകളെ നിർമിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിൽ പ്രാവീണ്യം നേടിയ എറണാകുളം മാന്നാറി സ്വദേശി എമിൽ കുര്യൻ എൽദോസ് നിർമിച്ച ‘റബ്കി’ എന്ന റോബോട്ട് ആണ് പ്രകാശനത്തിനുള്ള മാഗസിൻ അജിജേഷിന് കൈമാറിയത്.

കോളേജ് പ്രിൻസിപ്പാൾ ഫാ. ഡോ. ഫ്രാൻസിസ് കാരക്കാട്ട് മുഖ്യ പ്രഭാഷണം നടത്തി. ‘2002 കോളേജ് തുടങ്ങിയ വർഷം മുതൽ 2023 വരെ ഇവിടെ പ്രകാശനം ചെയ്യപ്പെട്ടതിൽ ഏറ്റവും മികച്ച മാഗസിനാണ് ഈ വർഷം പ്രകാശനം ചെയ്തത്. ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ തയ്യാറാക്കപ്പെട്ട ‘AI യോ’ ഉള്ളടക്കം, വിഷയത്തിന്റെ തിരഞ്ഞെടുപ്പ്, ആധുനിക സാങ്കേതികവിദ്യയുടെ പ്രയോജനപ്പെടുത്തൽ, രൂപകൽപനയിലെ അനന്യതയെല്ലാംകൊണ്ട് ഒരു ദൃശ്യവിരുന്നാണ്. സംസ്ഥാന തലത്തിൽ നടത്തപ്പെടുന്ന കോളേജ് മാഗസിൻ മത്സരത്തിൽ ഈ വർഷം സമ്മാനങ്ങൾ കരസ്ഥമാക്കുമെന്ന ഉറപ്പും ആത്മവിശ്വാസവും ഉണ്ട്’. ഫാ. ഫ്രാൻസിസ് പറഞ്ഞു.

കോളേജ് മാനേജർ ഫാ. ഡോ.ബാസ്റ്റിൻ നെല്ലിശ്ശേരി, വൈസ് പ്രിൻസിപ്പാൾ ആന്റ് യൂണിയൻ അഡ്വൈസർ ഫാ.ജെയ്സൺ അന്തിക്കാട്ട്, വൈസ് പ്രിൻസിപ്പാൾ കെ വിൻസൺ കുര്യൻ, യൂണിയൻ ചെയർമാൻ ആൽജോ ജോൺസൺ, സ്റ്റാഫ് എഡിറ്റർ ഏബൽ ബാബു, സ്റ്റുഡന്റ് എഡിറ്റർ ഐഷ ഹനീൻ, വൈസ് ചെയർപേഴ്സൺ അനാമിക ഗൗരി എന്നിവർ കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന പ്രകാശന സമ്മേളനത്തിൽ സംസാരിച്ചു.


**വാർത്തകൾക്കും പരസ്യങ്ങൾക്കും വിളിക്കുക; 9496698531**

## എഡിറ്റോറിയൽ

### ഭക്ഷ്യസുരക്ഷ കൂട്ടുത്തരവാദിത്വമാണ്

സെപ്തംബർ മാസം രാജ്യവ്യാപകമായി പോഷൺ മാഹ് യജ്ഞം ആചരിക്കുന്നു. എന്താണ് പോഷൺ മാഹ്? പരമ്പരാഗത രീതിയിലുള്ള ഭക്ഷണങ്ങളുടെ പ്രാധാന്യം വിളിച്ചോതി ആരോഗ്യകരമായ ഭക്ഷണം ലഭ്യമാക്കുക, ഗർഭകാല പരിചരണം, ഒപ്റ്റിമൽ മുലയൂട്ടൽ, വിളർച്ച, പൂരക ഭക്ഷണം, വളർച്ചാ നിരീക്ഷണം, ഏറ്റവും വൃത്തിയുള്ള സ്ഥലത്ത് ഭക്ഷണം ലഭ്യമാക്കുക എന്നതൊക്കെയാണ് ഈയൊരു യജ്ഞത്തിന്റെ ലക്ഷ്യം. ഗർഭിണികളിലും കുട്ടികളിലും പ്രധാനമായും ശ്രദ്ധകേന്ദ്രീകരിച്ചു ഒരു ശാശ്വതമായ പരിഹാരം ഭാവിയിലേക്ക് കണ്ടെത്താനുള്ള ഒരു ശ്രമം ഇവിടെ പ്രകടമാണ്. എന്നാൽ ഒരു വശത്തുകൂടി ഇത്തരം കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുമ്പോൾ മറുവശത്തുകൂടി നമ്മുടെ ഫാസ്റ്റ് ഫുഡ് സംസ്കാരം എത്രത്തോളം ആപത്കരമാണെന്നു തിരിച്ചറിയേണ്ടിയിരിക്കുന്നു.


വായ്ക്ക് രുചിയും വയറിനുകേടുമായ ഭക്ഷണ സംസ്കാരം മാത്രം മാറിയാൽപോര കഴിക്കാൻ വരുന്നവരോട് യാതൊരു കടമയുമില്ലാതെ മലീമസമായ സാഹചര്യങ്ങളിൽ കേടായ ഭക്ഷണം വിളമ്പുന്നതും മാറേണ്ടതുണ്ട്. കഴിഞ്ഞ ദിവസം ആനപ്പന്തികവലയുടെ ഹൃദയഭാഗത്ത് പ്രവർത്തിച്ചിരുന്ന ഹോട്ടലിന്റെ അവസ്ഥ ശോചനീയമായിരുന്നു. ഭക്ഷണം കഴിക്കാൻ വരുന്നവരോടുള്ള കേവല ധാർമ്മിക ഉത്തരവാദിത്വം പോലുമില്ലാതെയാണ് ഈ ഹോട്ടൽ പ്രവർത്തിച്ചിരുന്നത്. പൊതുജനങ്ങളിൽ നിന്ന് ഉയർന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ആരോഗ്യത്തിന് ഭീഷണിയാകും വിധത്തിൽ പ്രവർത്തിച്ച ഹോട്ടൽ പഞ്ചായത്തും ആരോഗ്യ വകുപ്പും ചേർന്ന് താക്കീത് നൽകി പൂട്ടിച്ചു.

മാറി വരുന്ന സംസ്കാരം അനുസരിച്ച് ഈ കാലത്ത് ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിക്കാതിരിക്കുക എന്നത് മലയാളിയെ സംബന്ധിച്ച് പ്രായോഗികമല്ല. ആയതിനാൽ തന്നെ ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുക എന്നത് എല്ലാ ഹോട്ടലുകാരുടെയും ധാർമ്മിക ഉത്തരവാദിത്വമാണ്. അത് പരിശോധിക്കുക എന്നത് അധികാരികളുടെ കടമയും. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷപൂരിതമായ പച്ചക്കറികളുടെ കാര്യത്തിലും ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു. വൃത്തിയോടും വിഷമുക്തമായുമാണ് ഈ ഭക്ഷ്യവസ്തുക്കൾ ഇവിടെ എത്തുന്നത് എന്ന് ഉറപ്പ് വരുത്തണം. കാലവും ജീവിതസാഹചര്യങ്ങളും മാറുന്നതിനോടൊപ്പം സ്വന്തം ആവശ്യത്തിനുള്ള പച്ചക്കറി എങ്കിലും വിഷമുക്തമായി വീട്ടിൽ കൃഷി ചെയ്യാൻ ഓരോരുത്തരും ശ്രദ്ധിക്കണം. എങ്കിൽ മാത്രമേ ഇത്തരം പദ്ധതികളോടൊപ്പം പരിപൂർണ ഭക്ഷ്യസുരക്ഷയിലേക്ക് നമുക്ക് എത്താൻ സാധിക്കൂ.

- എഡിറ്റർ

# ഇശൽ നിലാമഴയിൽ...

**മരിയ ജോയ്**



പുതിയ തലമുറക്ക് കേട്ടുപരിചയം പോലുമില്ലാത്ത കാസറ്റുകൾ... എന്നാൽ അവരെക്കൂടി ആരാധകരാക്കുന്ന അതിലെ പാട്ടുകൾ എന്നും മധുരസ്മരണകളാണ്. കാസറ്റുകളിലൂടെ പ്രസിദ്ധമായ ഇശൽ നിലാമഴ, ദേവി തീർത്ഥം... എന്നീ സംഗീതങ്ങളുടെ രചയിതാവും, സംഗീത സംവിധായകനുമായ കെ വി മാത്യു ഗാന്ധാരയുടെ ഈ മനോഹരഗാനങ്ങൾ ഇന്നും ജനഹൃദയങ്ങളിൽ തങ്ങി നിൽക്കുന്നു.

'ചെറുപ്പകാലത്ത് സംഗീതത്തേക്കാൾ കൂടുതൽ പ്രണയം ചിത്രരചനയോടായിരുന്നു എന്നാൽ സ്കൂൾ പഠനത്തിനുശേഷം കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിൽ ചേർന്നതോടെയാണ് സംഗീതത്തിൽ കൂടുതൽ സജീവമാകുന്നത്. പഠനത്തോടൊപ്പം തന്നെയാണ് ഗുരു മാനുവലിന്റെ ശിഷ്യനായി ക്ലാസിക്കൽ സംഗീതവും പഠിച്ചിരുന്നത്. കോളേജ് കാലഘട്ടത്തിൽ തന്നെ കൂത്തുപറമ്പ് പ്രമിതി ട്രൂപ്പിൽ സജീവമായിരുന്നു. മാത്യു ഗാന്ധാര ഓർത്തെടുക്കുന്നു

2010 ൽ ആണ് ചിരകാല സ്വപ്നമായ തന്റേതായ ഗാനങ്ങൾ രചിക്കുകയും സംവിധാനം ചെയ്തു പാടുകയും ചെയ്തത്. ഒത്തിരിയേറെ ആൽബങ്ങളിൽ പാടുകയും കമ്പോസിങ് രംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്തു. മലയാളത്തിന് പുറമെ ഹിന്ദി ഭക്തി ഗാനങ്ങളിലും തന്റേതായ സാന്നിധ്യം അറിയിച്ചിട്ടുണ്ട് മാത്യു ഗാന്ധാര.

1960 ജൂൺ 8 ന് വർഗീസിന്റെയും അന്നമ്മയുടെയും മകനായി കോട്ടയം ജില്ലയിലെ കുട്ടംപറമ്പിൽ ആണ് ജനനം. ഇപ്പോൾ ഭാര്യ ഷൈനി മക്കൾ ശരത്, അലീഷാ, ആൻ മേരി എന്നിവർക്കൊപ്പം കരിക്കോട്ടക്കരി കുറവംതോട് താമസിക്കുന്നു. പ്രായത്തിന്റെ അറുപതിൽ എത്തി നിൽക്കുമ്പോഴും സംഗീതത്തോടും ചിത്രരചനയോടുമുള്ള പ്രണയത്തിന് മാത്യു ഗാന്ധാരക്ക് ഒട്ടും കുറവില്ല.

# മുരിക്കുംകരി മേനാച്ചേരി ജംഗ്ഷൻ പാലം തുറന്നു

**ബി ഗീതു**

ചരൾ: അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ ഉൾപ്പെടുന്ന മുരിക്കുംകരി മേനാച്ചേരി ജംഗ്ഷൻ റോഡ് പാലം തുറന്നു കൊടുത്തു. മഹാത്മഗാന്ധി ഗ്രാമീണ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 15 ലക്ഷം രൂപ മുതൽ മുടക്കി നിർമിച്ച പാലം പേരാവൂർ നിയോജകമണ്ഡലം എം എൽ എ അഡ്വ സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു.

'തൊഴിലുറപ്പ് പണിയിൽ ഉൾപ്പെടുത്തി തൊഴിലുറപ്പ് പണിക്കാരുടെയും നിർമാണ തൊഴിലാളികളുടെയും സഹകരണത്തോടെ നിർമിച്ച പാലത്തിന്റെ കൈവരികളുടെയും വശങ്ങളുടെയും നിർമാണം നാട്ടുകാരുടെ സഹകരണത്തോടെ രണ്ടര ലക്ഷം രൂപ പിരിച്ചെടുത്താണ് പൂർത്തീകരിച്ചത്'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ പറഞ്ഞു.



*മുരിക്കുംകരി മേനാച്ചേരി ജംഗ്ഷൻ റോഡ് പാലം പേരാവൂർ നിയോജകമണ്ഡലം എം എൽ എ അഡ്വ സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്യുന്നു*

പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ മേരി റെജി, സ്ഥിരം സമിതി അദ്ധ്യക്ഷരായ മിനി വിശ്വനാഥൻ, സിന്ധു ബെന്നി, വാർഡ് മെമ്പർമാരായ സെലീന ബിനോയ്, എൽസ്സമ്മ ജോസഫ്, ഫിലോമിന മാണി, ബിജോയ് പ്ലാത്തോട്ടത്തിൽ, ജോസ് എ വൺ, ജെയിംസ് ടി മാത്യൂ, ആന്റണി മേച്ചേരികുന്നേൽ എന്നിവർ സംസാരിച്ചു.

# ബാലികേറാമലയായി അട്ടയോലി റോഡ്

**ശ്രീക്കുട്ടി ചന്ദ്രൻ**



*മാസങ്ങളായ് തകർന്ന അട്ടയോലി റോഡ്*

അങ്ങാടിക്കടവ്: അയ്യൻകുന്ന് പഞ്ചായത്തിലെ 6ാം വാർഡിൽ ഉൾപ്പെട്ട അട്ടയോലി റോഡ് തകർന്ന് യാത്രക്കാർ ദുരിതത്തിൽ. അങ്ങാടിക്കടവ് നിന്നു അട്ടയോലിയിലേക്ക് പോകുന്ന റോഡിലെ കളിയാർതോട്ടം അപ്പച്ചന്റെ വീടിനോട് ചേർന്നുള്ള കയറ്റത്തിന്റെ മാധ്യഭാഗത്താണ് റോഡ് പ്രധാനമായും യാത്രായോഗ്യമല്ലാതെ മാസങ്ങളായി തകർന്നു കിടക്കുന്നത്.

ശക്തമായ മഴ പെയ്തതോടുകൂടി റോഡിന്റെ അവസ്ഥ കുടുതൽ മോശമാകുകയും കുടുതൽ കുഴികളുണ്ടാക്കുകയും ചെയ്തു. ഇതിനാൽ വിദ്യാർത്ഥികളും രോഗികളും, വ്യാപാരികളുമടക്കം പതിനഞ്ചോളം കുടുംബങ്ങളാശ്രയിക്കുന്ന റോഡിലിപ്പോൾ അടിയന്തര സാഹചര്യങ്ങളിൽപോലും വാഹന സൗകര്യം ലഭ്യമല്ല. റോഡ് മോശമായതിനാൽ ഓട്ടോറിക്ഷ സർവീസ് നേരത്തെ തന്നെ നിർത്തലാക്കിയിരുന്നു.

'റോഡ് വളരെ മോശം ആയതിനാൽ രണ്ട് ജീപ്പുകൾ മാത്രമാണ് ഇവിടേക്ക് സർവ്വീസ് നടത്തുന്നത്. എന്നാൽ അടിയന്തര സാഹചര്യങ്ങളിൽ പലപ്പോഴും ജീപ്പുകൾ ലഭ്യമാകാറില്ല. ഇത് ബുദ്ധിമുട്ട് വർദ്ധിപ്പിക്കുന്നു. ഇതിനാൽ പലരും താഴ്ഭാഗങ്ങളിലേക്ക് മാറി താമസിക്കാൻ തുടങ്ങി. എത്രയും പെട്ടന്ന് അധികാരികൾ ഇതിനൊരു പരിഹാരം കാണണം'. പ്രദേശവാസിയായ ലിബിൻ ജോർജ്ജ് പറഞ്ഞു.

'അങ്ങാടിക്കടവ് അട്ടയോലിമല റോഡിന്റെ കയറ്റം തൊട്ട് മുകളിലേക്ക് റീ ടാർ ചെയ്യുന്നതിനുവേണ്ടി അഞ്ച് ലക്ഷം രൂപ ഇപ്രാവശ്യം വകയിരുത്തിയിട്ടുണ്ട്. അയ്യൻകുന്ന് പഞ്ചായത്തിലെ 16 വാർഡുകളിലെ റോഡുകൾ അറ്റകുറ്റപണി ചെയ്യുവാൻ ഉള്ളതുകൊണ്ടും, വേണ്ടത്ര ഫണ്ടുകൾ ലഭിക്കാത്തതുകൊണ്ടുമാണ് റോഡ് പുതുക്കിപണിയുവാൻ സാധിക്കാത്തത്. കഴിഞ്ഞ മാസം വന്ന സർക്കാരിന്റെ അറിയിപ്പ് അനുസരിച്ച് റോഡ് മൈന്റെനൻസ് ഗ്രാന്റ് മുൻപ് ലഭ്യമായിട്ടുള്ള തദ്ദേശ സ്ഥാപനങ്ങളിൽ പുതുക്കി നിശ്ചയിക്കുന്നതുവരെ സാങ്കേതികാനുമതി, ടെണ്ടർ നടപടികൾ എന്നിവ താൽക്കാലികമായി നിർത്തി വയ്ക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനാൽ അറിയിപ്പ് ലഭിക്കുന്നതുവരെ റോഡ് മൈന്റെനൻസ് വർക്കുകൾ തുടരുവാൻ സാധിക്കില്ല'. അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

# കായിക മത്സരത്തിൽ മികവ് പുലർത്തി വിദ്യാർത്ഥികൾ

**ശ്രീക്കുട്ടി ചന്ദ്രൻ**

അങ്ങാടിക്കടവ്: ഇരിട്ടി റവന്യൂ ജില്ല ഹോക്കി മത്സരത്തിൽ മികച്ച വിജയം നേടി കരിക്കോട്ടക്കരി സെന്റ് തോമസ് ഹൈസ്ക്കുൾ. പാതിരിയാട് കോട്ടയം രാജാ സ്കൂളിൽ നടന്ന മത്സരത്തിൽ ജൂനിയർ പെൺകുട്ടികളുടെ വിഭാഗത്തിൽ രണ്ടാം സ്ഥാനവും, ജൂനിയർ ആൺകുട്ടികളുടെ വിഭാഗത്തിലും, സബ് ജൂനിയർ പെൺകുട്ടികളുടെ വിഭാഗത്തിലും മൂന്നാം സ്ഥാനവും ലഭിച്ചു. ഹോക്കി മത്സരത്തിൽ വിവിധ വിഭാഗങ്ങളിലായി മികച്ച പ്രകടനം കാഴ്ചവച്ച പതിനാല് കുട്ടികൾ സംസ്ഥാന തലത്തിലേക്ക് മത്സരിക്കുവാൻ യോഗ്യത നേടി. യോഗ്യത നേടിയവർ ഈ മാസം 28 മുതൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിലായി നടക്കുന്ന സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കും.

ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിൽ നടന്ന ജില്ലാ സബ് ജൂനിയർ നെറ്റ് ബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ സെന്റ് തോമസ് എച്ച് എസ് കിളിയന്തറയും, പെൺകുട്ടികളുടെ വിഭാഗത്തിൽ സോക്കർ 9 നെറ്റ്ബോൾ അക്കാദമി അങ്ങാടിക്കടവും വിജയികളായി. ആൺകുട്ടികളുടെ വിഭാഗത്തിൽ രണ്ടും മൂന്നും സ്ഥാനങ്ങൾ ചേലോറ ഗവൺമെന്റ് ഹൈസ്കൂളും, അങ്ങാടിക്കടവ് 9 അക്കാദമിയും നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ വീനസ് സ്പോർട്സ് ക്ലബ് കണ്ണൂർ രണ്ടാം സ്ഥാനവും, കിളിയന്തറ സെന്റ് തോമസ് ഹൈസ്കൂൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഡോൺ ബോസ്കോ കോളേജിലെ ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന മത്സരം കോളേജ് വൈസ് പ്രിൻസിപ്പാൾ ഫാ.ജെയ്സൻ അന്തിക്കാട്ട് ഉദ്ഘാടനം ചെയ്തു.

ഇരിട്ടി സബ് ജില്ലാ ബാസ്ക്കറ്റ് ബോൾ മത്സരത്തിൽ സീനിയർ പെൺകുട്ടികളുടെ വിഭാഗത്തിലും, ജൂനിയർ ആൺകുട്ടികളുടെ വിഭാഗത്തിലും മൂന്നാം സ്ഥാനം നേടി അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂൾ വിജയികളായി.

തൊണ്ടി സെന്റ് ജോൺസ് യു. പി. സ്കൂൾ സീനിയർ വിഭാഗം പെൺകുട്ടികളുടെ ബാസ്ക്കറ്റ്ബോൾ മത്സരത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച അന്നാ മേരി ഭാവൻ, ആൻ മരിയ സാബു എന്നിവർ സംസ്ഥാന തലത്തിലേക്ക് മത്സരിക്കുവാൻ യോഗ്യത നേടി. കൂടാതെ ഇരിട്ടി സബ് ജില്ലാ സ്കൂൾ ഗെയിംസിൽ സീനിയർ ആൺകുട്ടികളുടെ ഫുട്ബോൾ മത്സരത്തിലും, സീനിയർ പെൺകുട്ടികളുടെയും,സീനിയർ ആൺകുട്ടികളുടെയും ഹാൻഡ് ബോൾ മത്സരത്തിലും സേക്രഡ് ഹാർട്ട് എച്ച് എസ് എസ് അങ്ങാടിക്കടവ് ജേതാക്കളായി.

## അറിയിപ്പ്

### ജനകീയ സമിതിയിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാം

**പൊതുജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എല്ലാ മാസത്തിലെയും മൂന്നാം വെള്ളിയാഴ്ച്ചകളിൽ ഉച്ച തിരിഞ്ഞ് വില്ലേജ് ഓഫീസിൽ ജനകീയ സമിതി നടത്തപ്പെടുന്നു. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് ഊന്നൽ നൽകുന്ന ജനകീയ സമിതിയിൽ പ്രശ്ന പരിഹാരത്തോടൊപ്പം തന്നെ സർക്കാർ നിശ്ചയിച്ചിട്ടുള്ള അജണ്ടകളും ചർച്ച ചെയ്യുന്നതായിരിക്കും.**

### ബാലമിത്ര പദ്ധതിക്ക് തുടക്കം

**കുട്ടികളിലെ കുഷ്ഠരോഗം നേരത്തെ തിരിച്ചറിയുന്നതിനായി ബാലമിത്ര പദ്ധതി ആരംഭിച്ചു. മൂന്ന് മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളുടെ ശരീരത്തിൽ വെള്ളപ്പാടുകളോ കൈകാലുകൾക്ക് തരിപ്പോ തൊട്ടാൽ അറിയാത്ത പാടുകളോ ഉണ്ടെങ്കിൽ സബ് സെന്ററുവഴിയോ പിഎച്ച്സി വഴിയോ പരിശോധന നടത്തി തിരിച്ചറിയും. പദ്ധതിയുടെ ഭാഗമായി അംഗൻവാടി ടീച്ചേഴ്സിനും സ്കൂൾ ടീച്ചേഴ്സിനും ട്രെയിനിങ് നൽകും.**

# മേഖല കലോത്സവം; അങ്ങാടിക്കടവ് ജേതാക്കൾ

**സാന്ദ്ര സ്വതന്ത്രരാജ്**

കുന്നോത്ത്: തലശ്ശേരി അതിരൂപതയുടെ കീഴിലുള്ള കുന്നോത്ത് മേഖലാ കലോത്സവത്തിൽ അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ചർച്ച് ടീം ജേതാക്കളായി.

പതിമൂന്നോളം ഇടവകകൾ മാറ്റുരച്ച മത്സരത്തിൽ അങ്ങാടിക്കടവ് ടീം 332 പോയിന്റോടുകൂടി ഒന്നാം സ്ഥാനം കരസ്ഥമാക്കിയപ്പോൾ 214 പോയിന്റോടെ കച്ചേരിക്കടവ് സെന്റ് ജോർജ്ജ് ചർച്ച് രണ്ടാം സ്ഥാനവും 168 പോയിന്റ് നേടിയ മാടത്തിൽ സെന്റ് സെബാസ്റ്റിയൻ ചർച്ച് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

കുന്നോത്ത് ഹയർസെക്കഡറി സ്കൂളിൽ ഫൊറോന മാതൃവേദി, കെ സി വൈ എം, മിഷൻലീഗ് എന്നീ സംഘടനകളുടെ നേതൃത്വത്തിൽ നടന്ന കലോത്സവം ഫൊറോന വികാരി ഫാദർ അഗസ്റ്റിൻ പാണ്ടിയന്മാക്കൽ ഉദ്ഘാടനം ചെയ്തു.

ജനറൽ കോഡിനേറ്റർ മാത്യു നരിക്കുഴി, മാതൃവേദി ഡയറക്ടർ ഫാദർ ജെയിംസൺ കോലക്കുന്നേൽ, കെ സി വൈ എം സംഘടന ശാഖ പ്രസിഡന്റ് അഭിഷേക് കുറമുട്ടം, സി എം എൽ സംഘടനാ ശാഖ പ്രസിഡന്റ് ഷിജി കാഞ്ഞുല കെ സി വൈ എം ഡയറക്ടർ ഫാദർ ജിന്റോ പന്തലാനിക്കൽ എന്നിവർ സംസാരിച്ചു.

'കുന്നോത്ത് ഫൊറോന കൂട്ടായ്മയെ സംബന്ധിച്ചിടത്തോളം റിഥം 2023 ഫൊറോന കലോത്സവം കൂട്ടായ്മയുടെയും ഒരുമയുടെയും വിജയമായിരുന്നു'. ഫാദർ ജിന്റോ പന്തലാനിക്കൽ പറഞ്ഞു.

അങ്ങാടിക്കടവ്, കച്ചേരിക്കടവ്, മാടത്തിൽ, ആനപ്പന്തി, കിളിയന്തറ, കുന്നോത്ത്, പേരട്ട, ചരൾ, പെരിങ്കരി, വാണിയപ്പാറ,പാലത്തിൻകടവ്, രണ്ടാംകടവ്, മുടയിരഞ്ഞി ഇടവകകൾ പങ്കെടുത്തു.

എഡിറ്റോറിയൽ ടീം: ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് | എഡിറ്റർ ഇൻ ചാർജ്: ഡെനിൽ മാത്യൂ ജോൺ |സബ് എഡിറ്റേഴ്സ്: സാന്ദ്ര സ്വതന്ത്രരാജ്, ബി. ഗീതു, മരിയ ജോയ്, ശ്രീക്കുട്ടി ചന്ദ്രൻ, ജോമോൾ ജോർജ്ജ്, അപർണ രമേശ് | ഫോട്ടോഗ്രാഫേഴ്സ്: സാന്ദ്ര സ്വതന്ത്രരാജ്, ബി ഗീതു, മരിയ ജോയ്, ശ്രീക്കുട്ടി ചന്ദ്രൻ, ഡെനിൽ മാത്യൂ ജോൺ | ഫോട്ടോഗ്രാഫേഴ്സ് : ബി. ഗീതു, ഡെനിൽ മാത്യു ജോൺ | ഡിസൈൻ: അക്ഷയ് തിലകൻ, പ്രിൻസ് ജോസഫ്, വി. അനന്യ.|